11700
7/11/14

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-16.8.99 നം 31.12.2003 നമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക സേവനം പൂർത്തിയാക്കിയ അംഗപരിമിതർക്ക് പുനർ/റഗുലർ നിയമനം നൽകിക്കൊണ്ടുള്ള ഉത്തരവിൽ തിരുത്തൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(എം.എസ്)നം.90/14/സാ.നീ.വ തിരുവനന്തപുരം, തീയതി 5.11.2014

---

പരാമർശം-
1. 18.5.2013 ലെ സ.ഉ(പി) 40/13/സാ.നീ.വ നമ്പർ ഉത്തരവ്
2. 7.8.2013 ലെ സ.ഉ(പി) 63/13/സാ.നീ.വ നമ്പർ ഉത്തരവ്
3. 17.1.2014 ലെ സ.ഉ(പി) 3/14/സാ.നീ.വ നമ്പർ ഉത്തരവ്
4. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 1.7.2014 ലെ H4-25762/14 നമ്പർ കത്ത്
5. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 19.8.2014 ലെ H4-28398/14 നമ്പർ കത്ത്
6. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 27.8.2014 ലെ H4-16514/14 നമ്പർ കത്ത്
7. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 24.9.2014 ലെ H4-24306/14 നമ്പർ കത്ത്

## ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം 16.8.99 നം 31.12.2003 നമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടി ജീവനക്കാർ സർവ്വീസിൽ നിന്നും പെൻഷൻ ആയി പിരിഞ്ഞു പോകുമ്പോൾ ടി സൂപ്പർ ന്യൂമററി തസ്തികകൾ ഇല്ലാതാവുന്ന തരത്തിൽ സർവ്വീസിൽ പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ വെളിച്ചത്തിൽ പരാമർശം രണ്ടിലെ ഉത്തരവു പ്രകാരം ഈ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 179 ദിവസം പൂർത്തിയാക്കിയ 1399 പേരെ അവരവർ ജോലി ചെയ്ത വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകി ഉത്തരവായി. തുടർന്ന് പരാമർശം 3 ലെ ഉത്തരവ് പ്രകാരം ടി കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലികമായി നിയമനം ലഭിച്ച് പൊതു അവധി ദിവസമായതിനാൽ 179 ദിവസം പൂർത്തിയാക്കാൻ കഴിയാത്ത അംഗപരിമിതർക്കും പുനർനിയമനം നൽകി ഉത്തരവായി.

2. എന്നാൽ ടി ഉത്തരവുകൾ പ്രകാരം നിയമനം ലഭിച്ച ചില ഉദ്യോഗാർത്ഥികളുടെ പേര്, തസ്തികയുടെ പേര്, സേവന സ്ഥലം/വകുപ്പ് എന്നിവയിൽ ചില തെറ്റുകൾ കടന്നു കൂടിയിട്ടുണ്ടെന്നും ആയത് തിരുത്തി ഉത്തരവാകണമെന്നും പരാമർശം 4 മുതൽ 7 വരെ കത്തുകളിലൂടെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടതുപോലെ പരാമർശം 2, 3 ഉത്തരവുകളിൽ ബന്ധപ്പെട്ടവരുടെ പേരിനു നേരെ ചേർത്തിരിക്കുന്ന വിധം തിരുത്തലുകൾ വരുത്തി ഉത്തരവാകുന്നു.

**കൊല്ലം ജില്ല**

| | |
|---|---|
| 17.10.2014 ലെ സ.ഉ(പി) 3/14/സാ.നീ.വ നമ്പർ ഉത്തരവിൽ ക്രമ നമ്പർ 5 ൽ Sri.Raju.Y ഓഫീസ് മേൽവിലാസം Education Department | Fisheries Department എന്ന് തിരുത്തിയിരിക്കുന്നു. |

**കോഴിക്കോട് ജില്ല**

| | |
|---|---|
| 7.8.2013 ലെ സ.ഉ(പി) 63/13/സാ.നീ.വ നമ്പർ ഉത്തരവിൽ ക്രമ നമ്പർ 135 ൽ Sri.Najeeb.M.V ഓഫീസ് മേൽവിലാസം Sub Registrar Office, Kuttiyadi | ഓഫീസ് മേൽവിലാസം Sub Registrar Office, Kozhikode എന്ന് തിരുത്തിയിരിക്കുന്നു. |
| 7.8.2013 ലെ സ.ഉ(പി) 63/13/സാ.നീ.വ നമ്പർ ഉത്തരവിൽ ക്രമ നമ്പർ 140 ൽ Sri.Sudhesan ഓഫീസ് മേൽവിലാസം Sub Employment Registration Office, Kozhikode | പേര് Sudesan എന്നും ഓഫീസ് മേൽവിലാസം വകുപ്പ് എന്നിവ Registrar, O/o.the Chitty Audit (DRO), Kozhikode, Registration Department എന്ന് തിരുത്തിയിരിക്കുന്നു. |

**തൃശ്ശൂർ ജില്ല**

| | |
|---|---|
| 7.8.2013 ലെ സ.ഉ(പി) 63/13/സാ.നീ.വ, 3.5.2014 ലെ സ.ഉ(പി) 32/14/സാ.നീ.വ നമ്പർ ഉത്തരവുകളിൻ പ്രകാരം Sri.Jamal.A.S ന്റെ ഓഫീസ് മേൽവിലാസം കേരള കള്ള് ചെത്ത് വ്യവസായ ക്ഷേമനിധി ബോർഡ് | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്ന് തിരുത്തിയിരിക്കുന്നു. |

4. അംഗപരിമിതരുടെ വൈകല്യ സർട്ടിഫിക്കറ്റ്, റിലീവിംഗ്/ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്, സേവന പുസ്തകം തുടങ്ങിയവയുടെ അസ്സൽ രേഖകൾ വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/നിയമനാധികാരികൾ സ്വയം ബോധ്യപ്പെട്ടതിനുശേഷം അതാത് വകുപ്പുകളിലും തസ്തികകളിലും പ്രസ്തുത അംഗപരിമിതർക്ക് സ്ഥിര നിയമനം നല്കേണ്ടതാണ്.

5. പരാമർശം 2, 3 ഉത്തരവുകൾ മേൽപറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ.ബി.കോമളവല്ലി അമ്മ
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ & ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, മത്സ്യ ബന്ധന തുറമുഖ വകുപ്പ്
ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ